പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 642

13.01.2021 ൽ മറുപടിക്ക്

## അടഞ്ഞു കിടന്ന കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സുകൾക്കും അധിക വൈദ്യുതി ബിൽ

ചോദ്യം

ശ്രീ. വി. അബ്ദുറഹിമാൻ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കോവിഡ് മഹാമാരിയുടെ കാലത്ത് അടഞ്ഞു കിടന്ന കെട്ടിടങ്ങൾക്കും ക്വാർട്ടേഴ്സുകൾക്കും അധിക ബിൽ വന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>(ബി) മേൽ സൂചിപ്പിച്ച പരാതികൾ ഉണ്ടാകാനുള്ള യഥാർത്ഥ വസ്തുതകൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ)&(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് 19 നെ തുടർന്ന് നിലവിൽവന്ന ലോക്ക്ഡൗൺ മൂലം പതിവ് മീറ്റർ റീഡിംഗ് നടപടിക്രമം 23.03.2020 മുതൽ 15.04.2020 വരെ നിർത്തിവച്ചിരുന്നു. അതിനാൽ സപ്ലൈകോഡ് അനുശാസിക്കുന്നവിധം മുമ്പത്തെ ശരാശരി ഉപഭോഗമാണ് വൈദ്യുതിബില്ലിംഗിനായി ഉപയോഗിച്ചത്.ഈ ബില്ലുകൾ എസ്എംഎസ്/ഇ-മെയിൽ വഴിയാണ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി-യത്. ഇത് മൂലം അടഞ്ഞുകിടന്ന കെട്ടിടങ്ങളിലെ ചില ഉപഭോക്താ-ക്കൾക്ക് കൂടിയ തുകയുടെ ബിൽ കിട്ടിയിരുന്നു. പിന്നീട് മീറ്റർ റീഡിങ് പുനഃരാരംഭിച്ചപ്പോൾ യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി ഈ ബില്ലുകൾ റിവൈസ് ചെയ്തു നൽകിയിട്ടുണ്ട് . |
| (സി)മീറ്റർ തകരാറും മറ്റും കൊണ്ട് വൻതുക ബില്ലായി ലഭിച്ചിട്ടുള്ള വളരെ നിർദ്ധനരാ-യവർ ഉൾപ്പെടെയുള്ളവരുടെ പരാതികൾ യഥാസമയം പരിശോധിച്ച് പരിഹാരം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ലോക്ക്ഡൗൺ കാലയളവിൽ വൻതുക ബില്ലായി ലഭിച്ച പരാതികൾ പരിശോധിച്ച്, പ്രസ്തുത പരാതി റീഡിങ് ലഭ്യമല്ലാത്തതു കാരണം ആണെങ്കിൽ മീറ്റർ റീഡിങ് എടുത്തു ബില്ലുകൾ revise ചെയ്യുവാനും, earth leakage മൂലമുണ്ടായ വൻതുകയുള്ള ബില്ലുകൾ തവണകളായി അടയ്ക്കുവാനുള്ള സൗകര്യം നൽകുവാനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട് . മീറ്റർ തകരാറുകൾ സംഭവിച്ചതിനാൽ ബില്ലുകൾ വർദ്ധിച്ചതായി പരാതി ഉള്ളവയിൽ മീറ്ററുകൾ പരിശോധിക്കുകയും നിയമാനുസൃതം ബില്ലുകൾ റിവൈസ് ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ